# ശാംഭവി

ത്രൈമാസിക

പുസ്തകം 1 | ജൂലായ് - സെപ്തംബർ 2010 | ലക്കം 3



വാർഷിക വരിസംഖ്യ Rs. 60/- മണി ഓർഡർ/ ഡിഡി ആയി ശ്രീപുരം പബ്ലിക്കേഷന്റെ പേരിൽ അയക്കുക. പണം അയക്കുന്നവർ അവരവരുടെ അഡ്രസും ഫോൺ നമ്പറും കൃത്യമായി എഴുതുക.


**ശ്രീപുരം പബ്ലിക്കേഷൻസ്**

മാടായിക്കോണം പി.ഓ.

ഇരിഞ്ഞാലക്കുട, തൃശ്ശൂർ 680 712

ഫോൺ : 0480 2856505

പുസ്തകം 1, ലക്കം 3

ജൂലായ് - സെപ്തംബർ 2010

ഒരു വർഷത്തേയ്ക്ക് : 60 രൂപ

**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in
www.shripuram.org.

**പത്രാധിപർ**
പ്രകാശ് ഡി.

**പത്രാധിപ സമിതി**
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ്
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

**പ്രസാധകൻ**
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

**അക്ഷരവിന്യാസം, രൂപകല്പന**
രവി പാറക്കുന്നം, തൃശൂർ.

**മുദ്രണം**
ഇംപ്രസ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്,
ഇരിങ്ങാലക്കുട.

## വിഷയവിവരം

1. മൂകാംബികാ
5

2. കൈവെട്ടിന്റെ മനഃശാസ്ത്രം
8

3. മനസ്സിന്റെ പ്രവർത്തനം ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ
11

4. പ്രപഞ്ചസാരം
20

5. സംസ്കൃതപഠനം
26

ശാംഭവി
ജൂലായ് - സെപ്തംബർ 2010

## പത്രാധിപകുറിപ്പ്

നാമെല്ലാം വ്യത്യസ്ത പൂമൊട്ടുകളാണ്. നമ്മളിലെ എല്ലാ ഇതളുകളും വിടർന്നാലേ അവയിൽ ഈശ്വരൻ നിറച്ചിരിക്കുന്ന വ്യത്യസ്ത സൗരഭ്യവും വ്യത്യസ്ത വർണ്ണരാജികളും ലോകത്തിൽ പടർന്ന് ലോകം സുരഭിലവും വർണശബളിമയുമാർന്ന് സുന്ദരിയാകൂ. അപ്പോഴെ 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്ന പ്രാർത്ഥന സഫലമാകൂ. ഇതാണ് ഈശ്വരേച്ഛ. ഈ ഇച്ഛ നമ്മൾ നമ്മുടെതായി ഉള്ളിൽതട്ടി തിരിച്ചറിഞ്ഞാലാണ് സൗരഭ്യവും വർണ്ണരാജിയുമടങ്ങിയ നമ്മുടെ എല്ലാ ഇതളുകളും വിടരു.

ഈ ഈശ്വരേച്ഛ നമ്മുടെ ഉള്ളിൽ ഉണരാനാണ് വ്യത്യസ്ത ചിന്തകൾ നമ്മുടെ ഉള്ളിലേയ്ക്ക് വരട്ടെ എന്ന ആശയമാണ്. 'ആ നോ ഭദ്രാഃ ക്രതവഃ യന്തു വിശ്വതഃ' എന്ന വേദസൂക്തശകലം നമ്മോട് പറയുന്നത്. വ്യത്യസ്ത ചിന്തകൾ നമ്മളിലേയ്ക്ക് വായനയിലൂടെ പ്രവഹിക്കും. പുരാതനചിന്തയോ നൂതനചിന്തയോ ആയിക്കൊള്ളട്ടെ. ചിന്തകളെ അതിന്റെ ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി അതിൽ ഒന്നിനെ സ്വീകരിക്കുക വായനക്കാരുടെ കടമയാണ്. അതല്ലാതെ വായിക്കുന്നത് എന്തും സ്വന്തം അഭിപ്രായമായി കരുതുന്നവർ കവിഭാഷയിൽ പറഞ്ഞാൽ വിഡ്ഢികളാണ്.

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരദ്ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ

ഇപ്രകാരം വായനയിലൂടെ ചിന്തകളെ സ്വന്തം ബുദ്ധിയുടെ മൂശയിലിട്ട് സ്വന്തം വാസനാഗുണങ്ങളുടെ ബലത്താൽ സ്വാഭിപ്രായരൂപീകരണം നടത്തുമ്പോൾ നമ്മളിലെ എല്ലാ ഇതളുകളും വിരിഞ്ഞ് തന്റേതായ വ്യക്തിത്വം ലോകത്തെ കൂടുതൽ സുന്ദരിയാക്കും. അതുകൊണ്ട് ലോകത്തിൽ ഓരോരുത്തരുടെയും അഭിപ്രായത്തിനും അതിന്റേതായ വിലയുണ്ട്.

# മൂകാംബികാ

സമ്പാദകൻ : ഡി. പ്രകാശ്

1. മൂലാംബോരുഹമദ്ധ്യകോണവിലസൽ
ബന്ധുകരാഗോജ്ജ്വലാം
ജ്വാലാജ്വാലജിതേന്ദുകാന്തിലഹരീം
ആനന്ദസന്ദായിനീം
ഹേലാലാളിതനീലകുന്തളധരാം
നീലോത്തരീയാംശുകാം
കൊല്ലൂരാദ്രിനിവാസിനീം ഭഗവതീം
ധ്യായാമി മൂകാംബികാം

ആദിയിൽ വിരിഞ്ഞ താമരയുടെ മദ്ധ്യകോണിൽ വിലസിക്കുന്നതും ബന്ധൂകം എന്ന പൂവിന്റെ നിറംപോലെ ഉജ്ജ്വലയായവളും ചന്ദ്രനെപോലും വെന്ന ജ്വാലാസമൂഹങ്ങളുള്ള കാന്തിയുടെ പ്രവാഹത്തോടുകൂടിയവളും ആനന്ദത്തെ വഹിക്കുന്നവളും വകവയ്ക്കാത്തതും ലാളിക്കപ്പെടുന്നതുമായ കാർകൂന്തലിനെ ധരിക്കുന്നവളും നീലനിറത്തിലുള്ള ഉത്തരീയവസ്ത്രം ധരിച്ചവളും കൊല്ലൂരെന്ന ദേശത്തുള്ള പർവ്വതത്തിൽ അധിവസിക്കുന്നവളും ആയ മൂകാംബികാ ഭഗവതിയെ ധ്യാനിക്കുന്നു.

2. ബാലാദിത്യനിഭാനനാം ത്രിനയനാം
ബാലേന്ദുനാ ഭൂഷിതാം
നീലാകാരസുകേശിനീം സുലളിതാം
നിത്യാന്നദാനപ്രിയാം
ശംഖചക്രവരാഭയാംശ്ച ദധതീം
സാരസ്വതാർത്ഥപ്രദാം
താം ബാലാം ത്രിപുരാം ശിവേന സഹിതാം ധ്യായാമി
മൂകാംബികാം.

ബാലസൂര്യന്റെ ശോഭപോലുള്ള ശോഭ മുഖത്തുള്ളവളും മൂന്നു കണ്ണുകളുള്ളവളും ചന്ദ്രക്കലയാൽ അലംകരിക്കപ്പെട്ടവളും നീലവർണ്ണാകൃതിയിലുള്ള സുന്ദരകേശത്തോടുകൂടിയവളും ലളിതയും നിത്യവും അന്നദാനം നടത്തുന്നതിൽ തല്പരയും ശംഖ്, ചക്രം, വരം, അഭയം ▸▸

എന്നിവ വഹിക്കുന്നവളും വിദ്യനല്കുന്നവളും ശിവനോടൊത്ത് ഇരിക്കുന്ന ത്രിപുരയായ ആ ബാലാമൂകാംബികയെ ഞാൻ ധ്യാനിക്കുന്നു.

3. മദ്ധ്യഹ്നാർക്കസഹസ്രകോടിസദൃശാം
മായാന്ധകാരേ സ്ഥിതാം
മായാജാലവിരാജിതാം മദകരീം
മാരേണ സംസേവിതാം
ശൂലംപാശകപാല പുസ്തകധരാം
ശുദ്ധാർത്ഥവിജ്ഞാനദാം
താം ബാലാം ത്രിപുരാം ശിവേന സഹിതാം
ധ്യായാമി മൂകാംബികാം.

ആയിരം കോടി മദ്ധ്യാഹ്നസൂര്യന്മാർക്ക് സദൃശയായിട്ടുള്ളവളും മായയാകുന്ന ഇരുട്ടിൽ നില്ക്കുന്നവളും മായാസമൂഹത്താൽ ശോഭിക്കുന്നവളും അഹങ്കാരത്തെ (ഗർവ്വിനെ) ഉണ്ടാക്കുന്നവളും കാമദേവനാൽ സേവിക്കപ്പെട്ടവളും ശൂലം, കയർ, തലയോട്ടി, പുസ്തകം എന്നിവ പിടിക്കുന്നവളും ശുദ്ധമായ അർത്ഥമുള്ള വിജ്ഞാനത്തെ നല്കുന്നവളും ശിവനോടൊപ്പം ഇരിക്കുന്ന ത്രിപുരയായ ബാലാമൂകാംബികയെ ഞാൻ ധ്യാനിക്കുന്നു.

4. കല്യാണീം കമലേക്ഷണാം വരനിധിം
മന്ദാരചിന്താമണിം
കല്യാണീം ഘനസംസ്ഥിതാം ഘനകൃപാം
മായാം മഹാവൈഷ്ണവീം
കല്യാണീം ഭവതീം വികർമ്മശമനാം
കാഞ്ചീപുരീം കാമദാം
കല്യാണീം ത്രിപുരാം ശിവേന സഹിതാം
ധ്യായാമി മൂകാംബികാം.

താമരസദൃശമായ കണ്ണുകളുള്ളവളും അഭീഷ്ടവരങ്ങളുടെ ശേഖരമായിട്ടുള്ളവളും മന്ദാഗ്നികളെ ശമിപ്പിക്കുന്ന ചിന്താമണി ആയിട്ടുള്ളവളും മേഘംപോലെ ഇരിക്കുന്നവളും ഇടതൂർന്ന് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്ന കൃപയുള്ളവളും മായയും മഹാവൈഷ്ണവിയും നാശോന്മുഖമായ കർമ്മത്തെ നശിപ്പിക്കുന്നവളും ശിവനോടൊപ്പം ഇരിക്കുന്ന ത്രിപുരയായ കല്യാണി എന്ന മൂകാംബികയായ ഭവതിയെ ഞാൻ ധ്യാനിക്കുന്നു.

5. കാളാംബോധരകുന്തളാം സ്മിതമുഖീം
കർപ്പൂരഹാരോജ്വലാം
കർണ്ണാലംബിതഹേമകുണ്ഡലധരാം
മാണിക്യകാഞ്ചീധരാം
കൈവല്യൈകപരായണാം കളമുഖീം
പത്മാസനേ സംസ്ഥിതാം
താം ബാലാം ത്രിപുരാം ശിവേന സഹിതാം
ധ്യായാമി മൂകാംബികാം.

കരിങ്കടലിനെ വഹിക്കുന്ന തലമുടിക്കെട്ടോടുകൂടിയവളും പ്രസന്നമായ മുഖത്തോടുകൂടിയവളും കർപ്പൂരമാലയാൽ ശോഭിക്കുന്നവളും തൂങ്ങിക്കിടക്കുന്ന സ്വർണ്ണകുണ്ഡലം ചെവിയിൽ ഉള്ളവളും മാണിക്യംകൊണ്ടുള്ള അരഞ്ഞാണം ധരിച്ചവളും മോക്ഷം നല്കുന്നവളും മധുരതരമായ ശബ്ദം പൊഴിക്കുന്ന മുഖത്തോടുകൂടിയവളും പത്മാസനത്തിൽ ഇരിക്കുന്നവളും ശിവനോടൊപ്പം ഇരിക്കുന്ന ത്രിപുരയായ ആ ബാലാമൂകാംബികയെ ഞാൻ ധ്യാനിക്കുന്നു.

6. മന്ദാരകുന്ദകുമുദോത്പലമല്ലികാബ്ജൈഃ
ശൃംഗാരവേഷസുരപൂജിതവന്ദിതാംഘ്രി
മന്ദാരകുന്ദകുമുദോത്പലസുന്ദരാംഗി
മൂകാംബികേ മയി നിധേഹി കൃപാകടാക്ഷം

ശൃംഗാരവേഷം ധരിച്ച ദേവന്മാരാൽ മന്ദാരം, മുല്ല, ആമ്പൽ, കരിംകൂവളം, മല്ലിക, താമര എന്നീ പൂക്കൾക്കൊണ്ട് പൂജിക്കപ്പെട്ടതും വന്ദിക്കപ്പെട്ടതുമായ കാലിണകളോടുകൂടിയവളേ, മന്ദാരം, മുല്ല, ആമ്പൽ, കരിംകൂവളം മുതലായ പൂക്കളാൽ സുന്ദരിയായവളേ മൂകാംബികേ നീ എന്നിൽ കൃപാകടാക്ഷത്തെ വയ്ക്കൂ.

പുരാതനമെന്നതിനാൽ എല്ലാം ശരിയാകണമെന്നില്ല. പുതിയ കാവ്യമെന്നതിനാൽ എല്ലാം നിന്ദിക്കപ്പെടേണ്ടതുമല്ല. വിദ്വാന്മാർ കാവ്യത്തിന്റെ ഗുണദോഷങ്ങളെ വിവേചിച്ചറിഞ്ഞ് അതിൽ തനിക്ക് ഉത്കൃഷ്ടമാണെന്നു തോന്നുന്ന ഒന്നിനെ സ്വീകരിക്കും. മൂഢന്മാരാകട്ടെ മറ്റുള്ളവരുടെ അഭിപ്രായം തന്റെ അഭിപ്രായമായി കരുതുന്നവരാണ്.
— കാളിദാസൻ

# കൈവെട്ടിന്റെ മനഃശാസ്ത്രം

സി.എം. കൃഷ്ണനുണ്ണി

തൊടുപുഴ ന്യൂമാൻ കോളേജിലെ വിവാദ ചോദ്യപേപ്പർ സംഭവവും തുടർന്നുണ്ടായ അദ്ധ്യാപകന്റെ കൈവെട്ട് കേസും കർക്കിടകത്തണുപ്പിൽപോലും മനസ്സിനെ തപിപ്പിക്കുന്നു. ഇതര മതസ്ഥരെ ആഭാസമായി അധിക്ഷേപിക്കുക ശീലമാക്കിയവരുടെ കൂട്ടത്തിലെ ഒരാളുടെ കൈപ്പത്തിയാണ് അതേ ശീലക്കാരുടെ വെട്ടേറ്റ് വേറിട്ട് വീണത് എന്നത് വേറെ കാര്യം. ഒരു പേരിലറിയപ്പെടുന്നവർ അതിന്റെ മഹത്വം സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കണമെന്ന് നിഷ്കർഷിക്കുകയാണെങ്കിൽ അത് കൊള്ളാം. അതു ചെയ്യാതെ അവസരം നോക്കി ഹിംസാപ്രവണത കാട്ടുന്നത് നികൃഷ്ടമായ ആത്മദൗർബ്ബല്യംതന്നെ.

തീരാപ്പകയുമായി കുരുക്ഷേത്രയുദ്ധത്തിനിറങ്ങിയ ദുര്യോധനൻപോലും തുടയെല്ല് പൊട്ടി ആസന്നമരണനായി കിടക്കുമ്പോൾ തികഞ്ഞ സംസ്കാരസമ്പന്നതയാണ് പ്രദർശിപ്പിച്ചത്. ഭീമസേനൻ ഗദായുദ്ധമര്യാദ ലംഘിച്ചാണ് ദുര്യോധനന്റെ തുടയെല്ല് തല്ലിപൊട്ടിച്ചത് എന്ന വ്യാഖ്യാനമുണ്ട്. മരണംകാത്തുകിടക്കുന്ന തന്റെ പ്രിയസുഹൃത്തായ ദുര്യോധനനെ സന്തോഷിപ്പിക്കാൻ അശ്വത്ഥാമാവ്, ഉറങ്ങിക്കിടക്കുകയായിരുന്ന പാഞ്ചാലീപുത്രന്മാരുടെ തലകളറുത്ത് ദുര്യോധനന് മുന്നിൽ കാഴ്ചവെച്ചു. എന്നാൽ അശ്വത്ഥാമാവിന്റെ ആ പ്രവൃത്തിയെ അത്യന്തം നിന്ദ്യമായാണ് ദുര്യോധനൻ കണ്ടത്.

> ഒരു പേരിലറിയപ്പെടുന്നവർ അതിന്റെ മഹത്വം സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കണമെന്ന് നിഷ്കർഷിക്കുകയാണെങ്കിൽ അത് കൊള്ളാം. അതു ചെയ്യാതെ അവസരം നോക്കി ഹിംസാപ്രവണത കാട്ടുന്നത് നികൃഷ്ടമായ ആത്മദൗർബ്ബല്യംതന്നെ.

മക്കൾ വധിക്കപ്പെട്ടതറിഞ്ഞ് വാവിട്ട് കരയുന്ന പാഞ്ചാലിയെ ആശ്വസിപ്പിക്കാൻവേണ്ടി പാതകിയായ അശ്വത്ഥാമാവിന്റെ ശിരസ്സറുത്ത് മുന്നിൽ കൊണ്ടുവന്നു വെക്കാമെന്ന് അർജ്ജുനൻ പറയുകയുണ്ടായെങ്കിലും അദ്ദേഹം അശ്വത്ഥാമാവിനെ പിടിച്ചുകെട്ടി പാഞ്ചാലിയുടെ മുന്നിലെത്തിക്കുകയാണ് ചെയ്തത്. അതിനിടെ അശ്വത്ഥാവിനെ വധി

പാഞ്ചാലിക്കും പാണ്ഡവന്മാർക്കും തങ്ങളുടെ മക്കൾ വധിക്കപ്പെട്ടതിൽ തീർച്ചയായും ദുഃഖവും രോഷവും ഉണ്ടായിരിക്കും. പക്ഷേ, അവർ സ്വന്തം ദുഃഖവും രോഷവും അതിനു കാരണക്കാരനായവന്റെ ബന്ധുക്കളിലേക്കുപോലും വ്യാപിച്ചുകാണാൻ ആഗ്രഹിച്ചില്ല.

ക്കാൻ ശ്രീകൃഷ്ണൻ നിർബ്ബന്ധിച്ചുവെങ്കിലും തന്റെ ഗുരുവായ ദ്രോണാചാര്യരുടെ പുത്രനായ അശ്വത്ഥാമാവിനെ വധിക്കുക എന്നത് അർജ്ജുനനെ സംബന്ധിച്ചിടത്തോളം അചിന്ത്യമായിരുന്നു. അർജ്ജുനന്റെ ധർമ്മബുദ്ധിയെ പരീക്ഷിക്കുവാനാണ് ശ്രീകൃഷ്ണൻ അപ്രകാരം പ്രേരിപ്പിച്ചതെന്നത് വേറെ കാര്യം.

പശുവിനെപോലെ കയറിട്ട് കെട്ടി തന്റെ മുന്നിൽ കൊണ്ടുവന്ന ദ്രോണാചാര്യരുടെ പുത്രനെ പാഞ്ചാലി നമസ്കരിക്കുകയാണ് ചെയ്തത്. ഗുരുപുത്രനെ കെട്ടഴിച്ചുവിടാൻ പാഞ്ചാലി അപേക്ഷിച്ചു. അശ്വത്ഥാമാവിന്റെ മാതാവായ കൃപി തന്നെപോലെ പുത്രദുഃഖം അനുഭവിക്കേണ്ടിവരരുതെന്ന നിർബ്ബന്ധബുദ്ധിയാണ് പാഞ്ചാലി പ്രകടിപ്പിച്ചത്. പാഞ്ചാലിയുടെ നിലപാടിനെ ധർമ്മപുത്രരും നകുലസഹദേവന്മാരും അർജ്ജുനനും ശ്രീകൃഷ്ണനും അഭിനന്ദിച്ചു. ഭീമസേനൻ മാത്രമാണ് എതിർത്തത്. ആ എതിർപ്പും ഭ്രാന്തമായ രോഷത്തിൽനിന്നുണ്ടായതായിരുന്നില്ല. ശിക്ഷിക്കപ്പെട്ടില്ലെങ്കിൽ അധർമ്മിയായ അശ്വത്ഥാമാവ് നരകത്തിൽ പതിക്കുമല്ലോ എന്ന ചിന്തയാണ് ഭീമന്റെ എതിർപ്പിന് പ്രേരകമായത്.

ഒടുവിൽ ശ്രീകൃഷ്ണന്റെ ഇടപെടലിനെ തുടർന്ന് ഭീമസേനനും പാഞ്ചാലിക്കും സ്വീകാര്യമായവിധത്തിൽ അർജ്ജുനൻ അശ്വത്ഥാമാവിന്റെ മൂർദ്ധാവിലെ രത്നം തലമുടിയോടൊപ്പം മുറിച്ചെടുത്ത് അദ്ദേഹത്തെ കയറഴിച്ചുവിട്ടു. ശ്രീമഹാഭാഗവതം ഒന്നാം സ്കന്ധം ഏഴാം അദ്ധ്യായത്തിലെ 14–മുതൽ 58–വരെ ശ്ലോകങ്ങളിൽ വിവരിക്കപ്പെട്ട ഈ കഥയിൽ തെളിയുന്ന സംസ്കാരമെവിടെ, തൊടുപുഴ കൈവെട്ടുകാരുടെ സംസ്കാരമെവിടെ?

സ്വന്തം സങ്കടവും നഷ്ടവും മറ്റുള്ളവരിലേക്കുകൂടി വ്യാപിപ്പിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. പാഞ്ചാലിക്കും പാണ്ഡവന്മാർക്കും തങ്ങളുടെ മക്കൾ വധിക്കപ്പെട്ടതിൽ തീർച്ചയായും ദുഃഖവും രോഷവും ഉണ്ടായിരിക്കും. പക്ഷേ, അവർ സ്വന്തം ദുഃഖവും രോഷവും അതിനു ▸▸

കാരണക്കാരനായവന്റെ ബന്ധുക്കളിലേക്കുപോലും വ്യാപിച്ചുകാണാൻ ആഗ്രഹിച്ചില്ല. സ്വന്തം വ്യഥിത മനസ്സിനെ ആത്മാവിന്റെ അചലത യോടും അമരത്വത്തോടും ശാന്തിയോടും ചേർത്ത് സ്വയം സമാധാനി ക്കാൻ അവർക്കറിയാമായിരുന്നു. കാളകൂടം ഭുജിച്ച പരമശിവനും ശമീക മഹർഷിയുമെല്ലാം ഭാരതീയമായ ആത്മസംയമനവിദ്യ പ്രയോ ഗിച്ച് അന്യർക്ക് അഹിതം വരാതെ കഴിക്കാൻ ആഗ്രഹിച്ചവരാണ്.

ഏത് സാഹചര്യത്തിലും ആത്മനിഷ്ഠ കൈവിടാതെ ചിദാനന്ദം അനുഭവിക്കുവാനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കപ്പെട്ട ഈ രാജ്യത്ത് അസഹിഷ്ണുത വ്യാപിച്ച് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത് അത്ഭുതം തന്നെ. സ്വന്തം മതമനുസരിച്ച് ജീവിക്കുന്നതിന് അന്യമതസ്ഥരെല്ലാം തടസ്സമാണെന്ന് കരുതുന്നവർ ഭൂമുഖത്തെ യാകെയും വിനാശത്തിലേയ്ക്ക് തള്ളിവി ടുന്നു. (അടുത്ത തിരഞ്ഞെടുപ്പിൽ വിശ്വാ സികളെ മാത്രമേ വോട്ടു നല്കി തിരഞ്ഞെ ടുക്കാവൂ എന്ന് ഇടയലേഖനമിറക്കിയവർ വിശ്വാസികളുടെ എത്രാമത്തെ തട്ടിലാണ് അന്യമതവിശ്വാസികളെ പെടുത്തിയിരിക്കു ന്നത്?). ആത്മീയശോഷിപ്പിന്റെ പരിണിത ഫലമാണിത്. സ്വന്തം ഉള്ളിൽ പ്രശാന്തവും അചലവും അമരവുമായ ആത്മാവിനെ തേടി കണ്ടെത്തുവാനുള്ള ശ്രമങ്ങൾക്കുപ കരം ആചാരങ്ങളിൽ തൃപ്തിയടയുന്നതരം വികൃത ആത്മീയവഴികൾ സ്വീകരിക്കപ്പെ ട്ടവരുടെ ഹിംസാത്മകതയെ ഭൗതികശ്രമ ങ്ങൾകൊണ്ടുമാത്രം ഫലപ്രദമായി നിയ ന്ത്രിക്കാനും ചെറുത്തു തോല്പിക്കാനുമാ കുമോ? ആത്മബോധം ഉണർത്തിക്കൊണ്ട് കൂടിയേ ആത്മശോഷണത്തിന്റെ കരാളനീ ക്കങ്ങളെ ദുർബ്ബലമാക്കാനാവൂ. കണ്വാശ്ര മപരിസരത്ത് ഹിംസ്രജന്തുക്കളിൽപോലും ഹിംസാപ്രവണത കണ്ടിരുന്നില്ലത്രെ. ഇത് പ്രായോഗികമല്ലെന്ന് കരു തുന്നവരുടെ കൈയിൽ പ്രയോഗികമായി മറ്റെന്തുണ്ട്?

ഏത് സാഹചര്യ ത്തിലും ആത്മനിഷ്ഠ കൈവിടാതെ ചിദാ നന്ദം അനുഭവിക്കുവാ നുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കപ്പെട്ട ഈ രാജ്യത്ത് അസഹി ഷ്ണുത വ്യാപിച്ച് ശക്തിപ്പെട്ടുകൊണ്ടിരി ക്കുന്നത് അത്ഭുതംത ന്നെ. സ്വന്തം മതമനുസ രിച്ച് ജീവിക്കുന്നതിന് അന്യമതസ്ഥരെല്ലാം തടസ്സമാണെന്ന് കരുതു ന്നവർ ഭൂമുഖത്തെയാ കെയും വിനാശത്തി ലേയ്ക്ക് തള്ളിവിടുന്നു.

# മനസ്സിന്റെ പ്രവർത്തനം
## ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കത്തിൽനിന്നും തുടുർച്ച)

ചിന്തയ്ക്ക് വിധേയമാകാതെ ഭൂതകാലത്തെ വർത്തമാനകാലത്തിലേയ്ക്ക് വലിച്ചിഴക്കേണ്ട കാര്യമില്ല. ഭൂതകാലം എന്നത് നമ്മുടെ ഓർമ്മയാണ്. ഓർമ്മ പൂർണ്ണമായും ചീത്തയല്ല. കമ്പ്യൂട്ടറിൽ കയറുവാൻ പാസ്സ്‌വേർഡ് ഓർക്കണം. എ.ടി.എമിൽനിന്ന് പൈസ പിൻവലിക്കാൻ പിൻ നമ്പർ ഓർക്കണം. പക്ഷേ, ഈ ഓർമ്മകളെ ദൈനംദിന ജീവതത്തിലെ മറ്റ് എല്ലാ സന്ദർഭങ്ങളിലേയ്ക്കും വലിച്ചുകൊണ്ടുപോകേണ്ട ആവശ്യമില്ല. ഓർമ്മയെ അതിന്റെ യഥാർത്ഥാർത്ഥത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. ഭൂതകാലസംഭവജന്യമായ വൈകാരിക ഓർമ്മയെ നമ്മൾ വിശകലനം ചെയ്യണം. നമ്മളെ വേദനിപ്പിച്ച സംഭവത്തിന്റെ (ഓർമ്മയിലുള്ള) പ്രത്യേകസാഹചര്യം വിശകലനം ചെയ്താൽ നമുക്ക് മനസ്സിലാകും അത് നമ്മുടെ ഉള്ളിലുള്ള എന്തോ ആണ് വേദനിപ്പിച്ചതെന്ന്. അതിനെ വേണ്ടവിധം കൈകാര്യം ചെയ്താൽ നമ്മുടെ ജീവതം സന്തോഷപൂർണ്ണമാകും. അതിനുള്ള ഉദാഹരണം പറയാം. ആരെങ്കിലും നമ്മളെ നുണയൻ എന്നു വിളിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അയാൾ എന്നെ നുണയനെന്ന് വിളിച്ചുവെന്ന് ഒന്നിരുന്ന് ചിന്തിക്കണം. അതിന് ഒരു കാരണവും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അയാൾ നുണയൻ എന്നു വിളിച്ചപ്പോൾ എന്തുകൊണ്ടാണ് ഞാൻ അലോസരപ്പെട്ടത് എന്ന് സ്വയം ചോദിക്കുക. നമ്മുടെ ഉള്ളിൽ നുണപറയാനും വഞ്ചിക്കുവാനുമുള്ള ഒരു പ്രവണത ഉണ്ടെന്ന് നമുക്ക് കണ്ടെത്താൻ മിക്കവാറും സാധിക്കും. എന്തെന്നാൽ നിങ്ങൾ ഒരിക്കലും കള്ളം പറയരുത്; നിങ്ങൾ ഒരിക്കലും വഞ്ചിക്കരുത് എന്ന് പറഞ്ഞുതന്നിട്ടുള്ള ഒരു പരിതസ്ഥിതിയിലാണ് നാം ജനിച്ചതും വളർന്നതും. മാത്രമല്ല, നുണ പറയലും വഞ്ചിക്കലും മോശമായ പരിപാടിയാണെന്ന് കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് നാം നല്ലതാവണമെന്നാണ് ആഗ്രഹിക്കുന്നത്. മാത്രമല്ല, എല്ലാ അദ്ധ്യാപകരും നമ്മളെ വിളിക്കുന്നത് നല്ല കുട്ടികൾ എന്നാണ്. അതുകൊണ്ട് എല്ലാവരുടെയും ആഗ്രഹം നല്ലവരുടെ പട്ടികയിൽ പെടണമെന്നാണ്. അപ്പോൾ നമ്മൾ നുണയ ▸▸

നാണെന്ന സത്യവസ്തുതയെ നമ്മുടെ മനസ്സിന്റെ ഉള്ളറകളുടെ ആഴത്തിലേയ്ക്ക് തള്ളിവിടുന്നു. അപ്പോൾ ആരെങ്കിലും നമ്മളെ നുണയനെന്ന് പറഞ്ഞു കുത്തുകയാണെങ്കിൽ പുറംപൂച്ച് ചാടിയവനെപ്പോലെ പതറും. അവനോൻ നുണയാനാണെന്ന് ആരേയും അറിയിക്കുവാൻ നമുക്ക് ആഗ്രഹമില്ല. എനിക്കറിയാം ഞാൻ നുണയാനാണെന്നും വഞ്ചകനാണെന്നും. പുറത്തേയ്ക്ക് ഭാവിക്കുന്നില്ല. മറ്റൊരു മുഖം വയ്ക്കുന്നു. ഞാനൊരു നല്ല വ്യക്തിയെന്ന മുഖം. ഇത് ഭാരതീയ സംസ്കാരത്തിന് അനുസരിച്ചല്ല. അതാണ് ഇന്ത്യൻ സംസ്കാരത്തിന്റെ മനോഹാരിത. ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം.

ആരെങ്കിലും നമ്മളെ നുണയൻ എന്നു വിളിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അയാൾ എന്നെ നുണയനെന്ന് വിളിച്ചുവെന്ന് ഒന്നിരുന്ന് ചിന്തിക്കണം. അതിന് ഒരു കാരണവും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അയാൾ നുണയൻ എന്നു വിളിച്ചപ്പോൾ എന്തുകൊണ്ടാണ് ഞാൻ അലോസരപ്പെട്ടത് എന്ന് സ്വയം ചോദിക്കുക. നമ്മുടെ ഉള്ളിൽ നുണപറയാനും വഞ്ചിക്കുവാനുമുള്ള ഒരു പ്രവണത ഉണ്ടെന്ന് നമുക്ക് കണ്ടെത്താൻ മിക്കവാറും സാധിക്കും.

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള സ്വാഭാവികപ്രവണതയെ ധർമ്മം എന്നു വിളിക്കുന്നു. സദാചാരം ധർമ്മമല്ല. ഉള്ളിലുള്ള സ്വാഭാവികപ്രവണതയാകുന്ന ധർമ്മമനുസരിച്ച് ജീവിക്കുമ്പോൾ ദൈനംദിന പ്രവൃത്തികളിലുള്ള ചെയ്യേണ്ടതിനെയും ചെയ്യരുത്താതിനെയുമാണ് സദാചാരം എന്നു വിളിക്കുന്നത്. നമ്മുടെ ഉള്ളിൽ നൈസർഗ്ഗികമായ വാസന കക്കുക എന്നതാണെങ്കിൽ കക്കുക തന്നെ വേണം. അങ്ങനെ നമ്മുടെ ആന്തരികമായ ചോദനയുടെയും ജന്മസിദ്ധമായ വാസനയുടെയും അടിസ്ഥാനത്തിൽ കുറ്റബോധമില്ലാതെയും ആന്തരിക നിരോധമില്ലാതെയും വൈകാരിക എതിർപ്പുകളില്ലാതെയും നമ്മൾ കക്കണം. അങ്ങനെ ശരിയായവിധം നമ്മൾ കക്കുകയാണെങ്കിൽ നമുക്ക് സപ്തർഷികളെ കാണുമാറാകും. രത്നാകരൻ എന്ന കള്ളൻ വാത്മീകിയായ കഥ നമുക്ക് അറിവുള്ളതാണല്ലോ. മുൻപറഞ്ഞപ്രകാരം മോഷണം ഒരു തൊഴിലാകകിയ ആ പെരുംകള്ളൻ സപ്തർഷികളെ കാണാൻ ഇടയാവുകയും അവർ തമ്മിലുള്ള സംഭാഷണം അയാളെ

ഋഷിയായ വാത്മീകി ആക്കി. ഒരു കള്ളനെ ഋഷിയാക്കി മാറ്റുന്ന സംസ്കാരം വേറെ എവിടെയാണ് കാണുവാൻ സാധിക്കുക. സംസ്കാരത്തിന്റെ ഈ സൗന്ദര്യം ശ്രദ്ധിക്കുക. ഇതൊന്നും നമുക്ക് ഇന്ന് അറിഞ്ഞുകൂടാ. കാരണം നമ്മളെ സ്വാധീനിച്ചിരിക്കുന്നത് വൈദേശിക സംസ്കാരമാണ്. വൈദേശിക സംസ്കാരത്തിന്റെ വേരുകളാകട്ടെ സെമിറ്റിക് മതത്തിലാണ്. സെമിറ്റിക് മതത്തിന്റെ അഭിപ്രായത്തിൽ ധർമ്മമാകട്ടെ സദാചാരംതന്നെയാണ്. ദൈവം നമ്മളോട് പറഞ്ഞിരിക്കുന്നു ഇത് ചെയ്യണം, അത് ചെയ്യരുത് എന്ന്. ഇതാണ് സെമിറ്റിക് മതത്തിലധിഷ്ഠിതമായ വൈദേശികസംസ്കാരത്തിന്റെ ധർമ്മം. അവിടെ ധർമ്മവും സദാചാരവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ആ വൈദേശികസംസ്കാരമനുസരിച്ച് ദൈവം വിധിച്ചതായ വിധിനിഷേധങ്ങൾ നിങ്ങളുടെ ആത്മാവുമായി അനുരണനം ചെയ്യുന്നതാണോ എന്നു നോക്കേണ്ട ആവശ്യമില്ല. എന്തു ചെയ്യുവാനാണ് നമുക്ക് ആന്തരികവ്യഗ്രതയുള്ളത് അത് ചെയ്യാമെന്ന് ഭാരതീയസംസ്കാരം മാത്രമേ പറയുന്നുള്ളു. ശ്രീരുദ്രത്തിൽ ശിവനെ കള്ളന്മാരുടെ രാജാവ് എന്ന് സ്തുതിച്ചിരിക്കുന്നു. ഗീതയിലെ 10-ാം അദ്ധ്യായമായ വിഭൂതിയോഗത്തിൽ കൃഷ്ണൻ 'താൻ കള്ളന്മാരിലെ കളവാണെന്ന്' എന്നു പറയുന്നു. കക്കുക എന്നതാണ് ധർമ്മമെങ്കിൽ അത് ചെയ്യണമെന്നാണ് പറയുന്നത്. പക്ഷേ, ലക്ഷക്കണക്കിന് രൂപ ആവശ്യമുള്ളതുകൊണ്ട് ബാങ്ക് കൊള്ളയടിക്കരുത്. നിങ്ങളുടെ ആന്തരിക ചോദന എന്താണോ അത് ചെയ്താൽ ഈശ്വരനെ പ്രാപിക്കാം. നഗ്നനേത്രങ്ങളെക്കൊണ്ട് കൃഷ്ണനെ കണ്ട വില്വമംഗലം സ്വാമിയാരിൽ ഉണ്ടായ മാറ്റം ഇവിടെ പ്രസ്താവ്യമാണ്. വേശ്യാലയഗമനം സ്വാമിയാരുടെ പതിവാണ്. ഒരിക്കൽ വളരെയധികം വഴിയിൽ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. തോണിയാണെന്ന് വിചാരിച്ച് ശവത്തിന്റെ സഹായത്തോടെയും കയറാണെന്ന് കരുതി മലമ്പാമ്പിൽ പിടിച്ചുതൂങ്ങിയും മറ്റുമാണ് സ്വാമിയാർ വേശ്യാലയത്തിലെത്തിയത് എന്ന് അറിഞ്ഞ വേശ്യ എന്നോടുള്ള ഇത്രയ്ക്കുള്ള ആവേശവും ആസക്തിയും ഈശ്വരനോട് ഉണ്ടെങ്കിൽ ഈശ്വരസാക്ഷാത്കാരം ലഭിക്കുമെന്ന് അദ്ദേഹത്തോട് പറഞ്ഞ ആ നിമിഷം വേശ്യയുടെ വാക്ക് വില്വമംഗലം സ്വാമിയാരുടെ കണ്ണുതുറപ്പിച്ചു. വില്വമംഗലം സ്വാമിയാരുടെ ധർമ്മാനുഷ്ഠാന നിഷ്ഠ നമ്മളിൽ ഇല്ല. അതിനു കാരണം നമുക്ക് അനവധി തടസ്സങ്ങൾ ഉണ്ട് എന്നതാണ്. പണ്ടേ നമ്മളെ കക്കരുത് എന്നാണ് പഠിപ്പി ▸▸

▸▸ ച്ചിരുന്നത്. നമുക്ക് കക്കണം എന്ന് തോന്നിയാൽ ആന്തരികസംഘർഷ ത്താൽ നമുക്ക് അതിന് സാധിക്കുന്നില്ല. നമ്മൾ ആ ആന്തരികവ്യഗ്ര തയെ അടിച്ചമർത്തി നല്ല മുഖം കാണിക്കുന്നു. ആ സമയത്തായിരിക്കും നമ്മളെ നുണയനെന്നോ ചതിയനെന്നോ മറ്റുള്ളവർ വിളിക്കുക. നമ്മൾ വ്രണിതനാകും. അതുകൊണ്ട് നമുക്ക് യഥാർത്ഥ വസ്തുത അംഗീക രിക്കാൻ സാധിക്കുന്നില്ല. എല്ലാവരും കള്ളന്മാരാവണമെന്നല്ല ഇതു കൊണ്ട് പറയുന്നത്. ചില നിർദ്ദേശങ്ങൾ വയ്ക്കാൻ വേണ്ടിയാണ് ചില നെഗറ്റീവ് ഉദാഹരണങ്ങൾ പറഞ്ഞത്. മാത്രമല്ല, നമ്മുടെ ആന്തരിക പ്രവണത ചീത്തസ്വഭാവമാണെങ്കിലും അത് അനുഷ്ഠിച്ചാലും ഏറ്റവും നല്ലതു സംഭവിക്കും — ഈശ്വരസാക്ഷാത്കാരം — എന്ന് കാണി ക്കുവാനുമാണ്. നമ്മുടെ ഉള്ളിലെ അതിയായ ആവേശവും ആഗ്രഹവും വ്യഗ്രതയും വാസനയും കക്കുക എന്നതാണെങ്കിൽ അതുതന്നെ ചെയ്യ ണമെന്നാണ് ഞാൻ വാദിക്കുന്നതും നിർദ്ദേശിക്കുന്നതും. നമുക്ക് നല്ല തായിട്ടുള്ളതിനെ നമ്മൾ പിന്തുടരുന്നില്ല. നമ്മൾ ചിന്തിക്കുന്നതാകണമെന്നില്ല നമുക്ക് നല്ലത്. ഏതാണ് നമുക്ക് നല്ലതെന്ന് മനസ്സിലാക്കണമെങ്കിൽ വളരെയധികം ബുദ്ധികൂർമ്മത വേണം. നമ്മൾ നമ്മുടെ ആന്തരിക പ്രകൃതിയെ പിന്തുടർന്ന് കണ്ടെത്തി മനസ്സിലാക്കണം. അത് മനസ്സിലാക്ക ണമെങ്കിൽ വൈകാരികമായ ഒരു ഓർമ്മയും ഉണ്ടാവരുത്. നമ്മുടെ ഉള്ള് ശുദ്ധമാകണം. ഭൂതകാല ത്തിന്റെ ഊറൽ ഇല്ലാതാവണം. അങ്ങനെയായാൽ നമുക്ക് ആന്തരി കപ്രകൃതിയെ മനസ്സിലാക്കാൻ സാധിക്കും. അതനുസരിച്ച് പ്രവർത്തിച്ചാൽ യാതൊരു കുറ്റബോ ധവും നമുക്ക് ഉണ്ടാവുകയില്ല. കുറ്റ ബോധം തന്നത് സമൂഹമാണ്. നല്ലതിനെയും ചീത്തതിനെയും വേർതി രിച്ച് കാണിച്ചുതന്നതും നല്ലതിനെ സ്വീകരിക്കണം ചീത്തതിനെ തള്ള ണമെന്നും പറഞ്ഞുതന്നതും സമൂഹമാണ്. അതനുസരിച്ച് നമ്മൾ

> ഒരു സംഭവം നടക്കുമ്പോഴുണ്ടാകുന്ന വികാരം ചീത്തയോ ശരിയോ എന്നത് കണക്കാക്കാതെ ശരിയായി കൈകാര്യം ചെയ്യണം. എല്ലാംതന്നെ ചീത്തയും നല്ലതുമല്ല. എല്ലാം നല്ലതും പവിത്രവുമാണ്. 'സകലം പവിത്രം ചൈവ വാസനാ കുത്സിതാ ഭവേത്' ഈ ലോകത്തെ എല്ലാംതന്നെ പവിത്രമാണ്. പൂർവ്വജന്മാർജിത കർമ്മമാണ് വസ്തുതകളെ ചീത്തയാക്കുന്നത്.

പ്രവർത്തിക്കുമ്പോൾ അത് നമ്മളിൽ അസൗകര്യം ഉണ്ടാക്കുകയും ദുഃഖത്തിലേയ്ക്ക് നയിക്കുകയും ചെയ്യും. അങ്ങനെ ചെയ്താൽ പിന്നീട് നമ്മൾ ഭൂതകാലത്തിന് അനുസരിച്ചായിരിക്കും പ്രതികരിക്കുക. ഒരു സംഭവം നടക്കുമ്പോഴുണ്ടാകുന്ന വികാരം ചീത്തയോ ശരിയോ എന്നത് കണക്കാക്കാതെ ശരിയായി കൈകാര്യം ചെയ്യണം. എല്ലാം തന്നെ ചീത്തയും നല്ലതുമല്ല. എല്ലാം നല്ലതും പവിത്രവുമാണ്. 'സകലം പവിത്രം ചൈവ വാസനാ കുത്സിതാ ഭവേത്' ഈ ലോകത്തെ എല്ലാംതന്നെ പവിത്രമാണ്. പൂർവ്വജന്മാർജിത കർമ്മമാണ് വസ്തുതകളെ ചീത്തയാക്കുന്നത്. ഉദാഹരണത്തിന് പാലിന്റെ കാര്യമെടുക്കാം. പാല് നല്ലതാണോ ചീത്തയാണോ എന്നു നിശ്ചയിക്കുന്നത് നമ്മുടെ അവസ്ഥ നോക്കിയിട്ടാണ്. വയറിളക്കമുണ്ടെങ്കിൽ പാല് നല്ലതല്ല. രോഗത്തിൻ വിമുക്തി നേടിവരുന്ന സന്ദർഭത്തിൽ പാല് നല്ലതാണ്. അപ്പോൾ സന്ദർഭമാണ് പാലിനെ നല്ലതെന്നോ ചീത്തയെന്നോ നിശ്ചയിക്കുന്നത്. സർവ്വം ഖലു ബ്രഹ്മ, ഈശാവാസ്യമിദം, മത്തഃ പരതരം ന അന്യദ് കിഞ്ചിദസ്തി ധനഞ്ജയ എന്നെല്ലാം കേട്ടിട്ടുണ്ടല്ലോ. എന്നിൽനിന്ന് അന്യമായി ഒന്നുംതന്നെയില്ല. എന്ന് ഭഗവാൻ പറയുമ്പോൾ ഈശ്വരനൊഴിച്ച് ഒന്നുംതന്നെയില്ല ലോകത്ത് എന്നർത്ഥം ഗ്രഹിക്കണം. അപ്പോൾ നമ്മളാരാണ് ഏതെങ്കിലും വസ്തു നല്ലതോ ചീത്തയോ എന്ന് നിശ്ചയിക്കാൻ. എല്ലാംതന്നെ ദിവ്യമാണ്. അതുകൊണ്ട് വികാരങ്ങളെ മുഴുവനും പൂർണ്ണമായും ഉടൻതന്നെയും ശരിയായവിധവും കൈകാര്യം ചെയ്യണം.

## ബുദ്ധി

ബുദ്ധിയാണ് നമ്മളോട് നല്ലത് ഏത് ചീത്ത ഏത് എന്നു പറയുന്നത്. ഒരു പ്രത്യേക സന്ദർഭത്തിൽ നല്ലതേത് ചീത്തയേത് എന്ന് അറിയണമെങ്കിൽ നമ്മുടെ ബുദ്ധി കൂർമ്മതയുള്ളതും ശുദ്ധവുമായിരിക്കണം. മാത്രമല്ല, നമുക്ക് ശരിയായി ചിന്തിക്കാനും പ്രവർത്തിക്കുവാനും ഓർമ്മ ശരിയായിരിക്കണം. നോക്കൂ, ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്. ഓർമ്മ ശരിയല്ലെങ്കിൽ ചിന്ത ശരിക്ക് നടക്കുകയില്ല. അപ്പോൾ ബുദ്ധി ഒരിക്കലും ശരിയാവുകയില്ല. അതുകൊണ്ട് ശരിയായ ഓർമ്മയും ബുദ്ധിയും ശരിയായ തീരുമാനം എടുക്കുവാൻ സഹായിക്കും. നമുക്ക് നല്ലതായിട്ടുള്ളതേത് ചീത്തയായിട്ടുള്ളതേത് എന്ന തീരുമാനം നമ്മുടെ പൂർവ്വജന്മത്തെ ആശ്രയിച്ചാണ് എന്നാണ് ഋഷിമാരുടെ

അഭിപ്രായം. പൂർവ്വജന്മത്തിലും പുനർജന്മത്തിലും നമ്മൾ വിശ്വസിച്ചാലും ഇല്ലെങ്കിലും വസ്തുത വസ്തുതയായി നില്ക്കും. ചതുർമാനത്തെ (forth dimension) കുറിച്ച് നിങ്ങൾക്ക് അറിയുമായിരിക്കാം. പക്ഷേ, നമുക്ക് അനുഭവമുണ്ടോ? ആൽബർട്ട് ഐൻസ്റ്റീൻ അദ്ദേഹത്തിന്റെ ആപേക്ഷികതാ സിദ്ധാന്തത്തിൽ ചതുർമാനത്തെ പറഞ്ഞിട്ടുള്ളതുകൊണ്ടാണ് നമ്മൾ അത് ഉണ്ട് എന്ന് വിശ്വസിക്കുന്നത്. x y z അക്ഷങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാം. കാരണം നമ്മൾ ത്രിമാനലോകത്താണ് ജീവിക്കുന്നത്. ICT എന്താണെന്ന് മിക്കവർക്കും അറിയില്ല. I എന്നത് (–1) നെഗറ്റീവ് ഒന്നിന്റെ റൂട്ടാണ്. $I = \sqrt{-1}$ എന്നാണ്. –1 നെ തന്നെ നമുക്ക് മനസ്സിലാകുന്നില്ല. 1, 2, 3, 4 എന്നിവയെ എല്ലാം നമുക്ക് മനസ്സിലാക്കാം. പക്ഷേ, –1 നെ എങ്ങനെ മനസ്സിലാക്കാം. ബുദ്ധിമുട്ടാണ്. പിന്നെ എങ്ങനെ $\sqrt{-1}$ നെ മനസ്സിലാക്കും. വളരെ ബുദ്ധിമുട്ടാണ്. $\sqrt{1}$, $\sqrt{2}$, $\sqrt{3}$, $\sqrt{4}$ എന്നിവയെല്ലാം മനസ്സിലായി. പക്ഷേ, $\sqrt{-1}$ എന്നതിനെ മനസ്സിലാക്കാൻ സാധിച്ചുവോ? ഇല്ല. C എന്നത് പ്രകാശപ്രവേഗവും T എന്നത് സമയവുമാണ്. അനുഭവസിദ്ധമല്ലാത്തതും ബുദ്ധിയുടെ പരിമിതിക്കുള്ളിൽ ഒതുങ്ങാത്തതുമായ ICT എന്ന ഈ ചതുർമാനത്തെ നാം എന്തുകൊണ്ട് സത്യമെന്നു കരുതുന്നു? ആൽബർട്ട് ഐൻസ്റ്റീൻ അപ്രകാരം പറഞ്ഞുവെന്നുള്ളതുകൊണ്ടാണ്. ആരാണിയാൾ? ജർമ്മനിയിൽ ജനിച്ചവനും അമേരിക്കക്കാരനുമാണ്. അതുകൊണ്ടാണ് നാം അത് ശരിയെന്നു വിശ്വസിക്കുന്നത്. നല്ല വേഷവിധാനമുള്ളതുകൊണ്ടും ചുണ്ടിൽ പുകചുരുട്ട് ഉള്ളതുകൊണ്ടും അദ്ദേഹം യോഗ്യനാണെന്നും ഇംഗ്ലീഷിൽ സംസാരിക്കുന്നതുകൊണ്ട് അദ്ദേഹം പറയുന്നതെല്ലാം ശരിയാണെന്നുമാണ് നമ്മുടെ വിശ്വാസം. നമ്മുടെ മഹർഷിമാർ നന്നായി വേഷവിധാനം ചെയ്യാത്തതുകൊണ്ടും വളരെ മോശമായ ഭാഷ (സംസ്കൃതം) സംസാരിക്കുന്നതുകൊണ്ടും അവർ പറയുന്നതെല്ലാം വിഡ്ഢിത്തമെന്നും വസ്തുതകൾക്ക് നിരക്കാത്തതുമാണെന്നാണ് നമ്മുടെ ധാരണ. പക്ഷേ, നമുക്ക് ICTയെ ബുദ്ധികൊണ്ട് മനസ്സിലാക്കുവാനോ അത് അനുഭവവിഷയമാക്കുവാനോ സാധിച്ചിട്ടില്ല. എന്നിട്ടും നമ്മൾ അത് സത്യമെന്ന് വിശ്വസിക്കും. മഹർഷിമാർ പറഞ്ഞത് മനസ്സിലാക്കുവാനോ അനുഭവവിഷയമാക്കുവാനോ നമുക്ക് സാധിച്ചിട്ടില്ലെങ്കിലും അത് അന്ധവിശ്വാസമെന്ന് നാം പറയുന്നു. മറ്റത് ശാസ്ത്രീയമെന്നും പറയുന്നു. ഇങ്ങനെയുള്ള തീരുമാനങ്ങളാണ് കാപട്യം. സത്യമേത് അസത്യമേത് എന്ന് തിരിച്ചറിയുവാനുള്ള വഴി നമുക്ക്

അറിയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ചിന്തയ്ക്ക് സുതാര്യതയോ വ്യക്തതയോ ഇല്ല. കാരണം ബുദ്ധി ശരിയായി പ്രവർത്തിക്കുന്നില്ല. ബുദ്ധി ശരിയായി പ്രവർത്തിക്കാതെ വന്നാലോ എന്ന് ദീർഘദർശനം നടത്തിയ മഹർഷിമാർ ഗായത്രി മന്ത്രത്തെ ദർശിക്കുകയും അത് ജപിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഋഗ്വേദത്തിലെ പതിനായിരക്കണക്കിന് മന്ത്രങ്ങളിൽ ബുദ്ധി പ്രചോദിതമാകട്ടെ എന്ന പ്രാർത്ഥനയോടുകൂടിയ മന്ത്രം ഗായത്രി ഒന്നു മാത്രമാണ്. എന്തിനാണ് ബുദ്ധി പ്രചോദിതമാകേണ്ടത് എന്ന് ഇതുവരെ ആരും ചോദിച്ചിട്ടില്ല. പക്ഷേ, ആരാണ് ജപിക്കേണ്ടത്, എത്ര ജപിക്കണം, എപ്പോഴാണ് ജപിക്കേണ്ടത്, എങ്ങനെയാണ് ജപിക്കേണ്ടത് എന്നിങ്ങനെ ചോദിച്ച് മനസ്സിലാക്കുകയും ജപിക്കുകയും ചെയ്യുന്നത് ഇപ്പോൾ നമ്മുടെ ജീവിതസൗകര്യം കൂട്ടുവാനും അധികമധികം പണം സമ്പാദിക്കുവാനുമാണ്. അതിനുവേണ്ടിയല്ല യഥാർത്ഥത്തിൽ ഗായത്രി ജപിക്കേണ്ടത്. നമ്മുടെ ബുദ്ധി പ്രചോദിമാകട്ടെ എന്ന് സൂര്യനോട് പ്രാർത്ഥിക്കുന്നത് മറ്റുള്ളവരുടെ വസ്തുവഹകൾ തന്റേതാകുവാനോ മറ്റുള്ളവരെ വഞ്ചിക്കുവാനോ മറ്റുള്ളവരുടെ പണം അവിഹിത മാർഗ്ഗത്തിലൂടെ സ്വന്തമാക്കുവാനോ ആണോ? മഹർഷിമാർ ഇതെല്ലാം ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നുവോ? തീർച്ചയായും ഇല്ല. ഈശാവാസ്യോപനിഷത്തിൽ അവർ പറഞ്ഞിട്ടുണ്ട് - "മാ ഗൃധഃ കസ്യസ്വിദ്ധനം" മറ്റുള്ളവരുടെ പണം ആഗ്രഹിക്കരുത് എന്ന്. കെമിസ്ട്രി, ഫിസിക്ക്സ്, കണക്ക് തുടങ്ങിയവയിലെ ഉന്നത സമവാക്യങ്ങളെ നിർദ്ധാരണം ചെയ്യാനാണോ? അല്ല. അക്കാലത്ത് അതൊന്നുമുണ്ടായിരുന്നില്ല. ബുദ്ധി പ്രചോദിതമാകട്ടെ എന്ന് അവർ പ്രാർത്ഥിക്കുവാൻ പിന്നെ എന്തായിരിക്കും കാരണം? ബുദ്ധി പ്രചോദിതമായാൽ നമ്മൾ ശരിയായ സമയത്ത് ശരിയായത് തീരുമാനിക്കും. അങ്ങനെ നമുക്ക് ശരിയായത് നമുക്ക് തീരുമാനിക്കുവാനും നമുക്ക് നല്ലതായത് നമുക്ക് തിരഞ്ഞെടുക്കുവാനും സാധിക്കും. നമുക്ക് ശരിയായത് മറ്റുള്ളവർക്ക് ശരിയായിക്കൊള്ളണമെന്നില്ല. തെറ്റായിരിക്കാം. എനിക്ക്

> നമ്മുടെ മഹർഷിമാർ നന്നായി വേഷവിധാനം ചെയ്യാത്തതുകൊണ്ടും വളരെ മോശമായ ഭാഷ (സംസ്കൃതം) സംസാരിക്കുന്നതുകൊണ്ടും അവർ പറയുന്നതെല്ലാം വിഡ്ഢിത്തമെന്നും വസ്തുതകൾക്ക് നിരക്കാത്തതുമാണെന്നാണ് നമ്മുടെ ധാരണ.

നല്ലത് എന്നു തോന്നുന്നത് എല്ലാവർക്കും നല്ലതാണെന്നും ഞാൻ പറയുന്നത് എല്ലാവരും ചെയ്യണമെന്നുമാണ് ഇപ്പോൾ നമ്മൾ ചിന്തിക്കുന്നത്. ഇതും ഒരു സെമിറ്റിക്ക് ആശയമാണ്. ഇത് ഭാരതീയമല്ല. ഭാരതീയാശയം സ്വാതന്ത്ര്യമാണ്. നിങ്ങൾക്ക് നല്ലതായിട്ടുള്ളത് തിരഞ്ഞെടുക്കുവാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരുന്നതാണ് ഭാരതീയത. പക്ഷേ, നമ്മൾ പലപ്പോഴും സ്വതന്ത്രരാകുവാനും ആഗ്രഹിക്കാറില്ല. കാരണം സ്വാതന്ത്ര്യം നമ്മളെ ഉത്തരവാദിത്വത്തിലേയ്ക്കു നയിക്കുന്നു. നമ്മൾ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ബുദ്ധി പ്രചോദിതമായാൽ ബുദ്ധി ശരിയായി പ്രവർത്തിക്കുകയും നമുക്ക് നല്ലതായിട്ടുള്ളത് തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം കൈവരുകയും തിരഞ്ഞെടുക്കപ്പെട്ടത് നമ്മളിലേയ്ക്ക് ഒരു നിശ്ചിതാളവ് ഉത്തരവാദിത്വം കൊണ്ടുവരികയും ചെയ്യും. ഉത്തരവാദിത്വം നമുക്ക് ഇഷ്ടമല്ല. അതുകൊണ്ട് ബുദ്ധി പ്രചോദിതമാകുവാൻ ആഗ്രഹിക്കുന്നില്ല. ബുദ്ധി പ്രചോദിതമാകാത്തിടത്തോളം നമ്മൾ സൂക്ഷ്മാവബോധമില്ലാതെ വിരസരായി തീരും. അപ്പോൾ നമ്മൾ എടുത്ത തീരുമാനങ്ങളെല്ലാം തെറ്റായി തീർന്നേയ്ക്കാം. ബുദ്ധി ശരിയായി പ്രവർത്തിക്കാത്തതാണ് അതിന് കാരണം. ബുദ്ധി ശരിയായി പ്രവർത്തനക്ഷമമാകണമെങ്കിൽ നമ്മുടെ ബുദ്ധി പ്രചോദിതമാകേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ ബുദ്ധി നമ്മുടെ പൂർവ്വകർമ്മങ്ങളുമായി സോപാധികമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നമ്മൾ എന്തുകൊണ്ടാണ് ചിലത് ആഗ്രഹിക്കുന്നതും മറ്റു ചിലത് ആഗ്രഹിക്കാത്തതുമെന്ന് നമ്മൾ എപ്പോഴെങ്കിലും

> നമുക്ക് നല്ല ഓർമ്മയും കഴിഞ്ഞതിനെ നല്ലപോലെ കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടെങ്കിൽ ഭൂതകാല സംഭവങ്ങൾ വർത്തമാനകാലത്തിൽ ഇടപെടുകയില്ല. വർത്തമാനകാലം ഒരു സന്ദർഭം തരുമ്പോൾ ശരിയും തെറ്റും ഏതെന്ന് തീരുമാനിക്കുവാൻ നമുക്ക് ശരിയായ ബുദ്ധി വേണം. എടുക്കുന്ന തീരുമാനം തെറ്റിയാൽ എല്ലാംതന്നെ തെറ്റിലേയ്ക്ക് പോകും. അതുകൊണ്ട് ബുദ്ധി പരമപ്രധാമാകുന്നു. ബുദ്ധിയാകട്ടെ പൂർവ്വകർമ്മംകൊണ്ട് നിയന്ത്രിതവുമാണ്. അതുകൊണ്ട് ശരിയായ സംഗതി ചെയ്യുവാൻ നമ്മൾ പ്രചോദിതരാകേണ്ടതുണ്ട്.

ചിന്തിച്ചിട്ടുണ്ടോ? ഇന്നത് ആഗ്രഹിക്കുന്നതിനേക്കാൾ ഇന്നത് ആഗ്രഹിക്കുന്നതാണ് നല്ലതെന്ന് നമുക്ക് ബുദ്ധിപരമായി തോന്നിയേക്കാം. പക്ഷേ, ഇന്നത് ആഗ്രഹിക്കണമെന്ന് നമുക്ക് നമ്മളെ നിർബന്ധിക്കുവാൻ സാധിക്കുകയില്ല. ആഗ്രഹം എന്നത് ഒരു നിമിഷത്തിൽ ഉണ്ടാകുന്ന ബുദ്ധിയല്ല. ബുദ്ധി പ്രചോദിതമായാലേ നമുക്ക് ആഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ബുദ്ധിയെ പ്രചോദിതമാക്കുന്നത് നമ്മുടെ പൂർവ്വകർമ്മമാണ്. നമ്മൾ നമ്മുടെ പൂർവ്വകർമ്മത്തെക്കുറിച്ച് അറിയണം. അങ്ങനെ അത് അറിഞ്ഞു കഴിഞ്ഞാൽ ആ അറിവ് നമ്മുടെ ബുദ്ധിയെ ശുദ്ധവും വ്യക്തവുമാക്കിത്തീർക്കും. അതുകൊണ്ട് ശരിയായ സമയത്ത് ശരിയായ തീരുമാനമെടുക്കുവാൻ ബുദ്ധി ആവശ്യമാണ്. നല്ല ജീവിതം നയിക്കുവാൻ ശരിയായ സമയത്ത് ശരിയായ തീരുമാനമെടുക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. നമുക്ക് നല്ല ഓർമ്മയും കഴിഞ്ഞതിനെ നല്ലപോലെ കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടെങ്കിൽ ഭൂതകാല സംഭവങ്ങൾ വർത്തമാനകാലത്തിൽ ഇടപെടുകയില്ല. വർത്തമാനകാലം ഒരു സന്ദർഭം തരുമ്പോൾ ശരിയും തെറ്റും ഏതെന്ന് തീരുമാനിക്കുവാൻ നമുക്ക് ശരിയായ ബുദ്ധി വേണം. എടുക്കുന്ന തീരുമാനം തെറ്റിയാൽ എല്ലാംതന്നെ തെറ്റിലേയ്ക്ക് പോകും. അതുകൊണ്ട് ബുദ്ധി പരമപ്രധാമാകുന്നു. ബുദ്ധിയാകട്ടെ പൂർവ്വകർമ്മംകൊണ്ട് നിയന്ത്രിതവുമാണ്. അതുകൊണ്ട് ശരിയായ സംഗതി ചെയ്യുവാൻ നമ്മൾ പ്രചോദിതരാകേണ്ടതുണ്ട്. ഈ പ്രസ്തുത ബുദ്ധി ആധുനികലോകം പറയുന്ന ഒന്നല്ല. ഒരു പ്രശ്നം പരിഹരിക്കുവാനോ ഒരു കവിത എഴുതുവാനോ ആവശ്യമായ ബുദ്ധിയല്ല ഇവിടെ പറയുന്നത്. അതിലും അപ്പുറമായി സഹജാവബോധമെന്നോ അന്തർജ്ഞാനമെന്നോ പൊടുന്നനേ മനസ്സിൽ ഉണ്ടാകുന്ന വെളിപാടെന്നോ (intuition) അധികമായി പറയാം. ഇതിനെ ഉൾദൃഷ്ടിപരമായ (intuitional intelligence) ബുദ്ധി എന്ന് പറയാം. ഇത് പ്രസന്നതമുറ്റുന്ന അനുഭവമാണിത്. അതല്ലാതെ മടുപ്പിക്കുന്നതോ മസ്തിഷ്ക്കപരമായതോ ആയ അനുഭവമല്ല. ഇതാണ് മഹർഷിമാരുടെ അഭിപ്രായത്തിലുള്ള ബുദ്ധി. അതാണ് 'ബുദ്ധിം പ്രചോദയാത്' എന്ന് പ്രാർത്ഥിക്കുന്നത് – നമ്മുടെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ. അതുകൊണ്ട് ഞാൻ എല്ലായിപ്പോഴും ശരിയായി കാര്യം ചെയ്യും.

(അടുത്ത ലക്കത്തിൽ തുടരും)

തന്ത്രശാസ്ത്ര ഗ്രന്ഥപരിചയം (1)

# പ്രപഞ്ചസാരം

അജിതൻ പി.ഐ.

തന്ത്രസാഹിത്യം കേവലം ആഗമ(ശൈവ), സംഹിതാ (വൈഷ്ണവം), തന്ത്ര (ശാക്തം) ങ്ങളിൽ ഒതുങ്ങുന്നതല്ല. ഇവ കൂടാതെ പദ്ധതി ഗ്രന്ഥങ്ങൾ, സൂത്രങ്ങൾ, യാമളങ്ങൾ, ഡാമരങ്ങൾ തുടങ്ങി ഒട്ടേറെ വേർപിരിവുകൾ ഇതിനകത്തുണ്ട്. പ്രപഞ്ചസാരം ഒരു പദ്ധതി ഗ്രന്ഥമാണ്. എന്നാൽ സാധാരണയായി ഈ പേരിൽ ഏറെ പ്രസിദ്ധങ്ങളായ സോമശംഭുപദ്ധതി, ഈശാനശിവഗുരുദേവപദ്ധതി, അഘോരശിവാചാര്യപദ്ധതി തുടങ്ങിയ പദ്ധതി ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പ്രപഞ്ചസാരത്തേയും ഉൾപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ പദ്ധതിഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി പ്രപഞ്ചസാരം, ശാരദാതിലകം, മന്ത്രമുക്താവലീ, മന്ത്രദേവപ്രകാശികാ, മന്ത്രകമലാകരം എന്നിവയിൽ മന്ത്രപ്രയോഗങ്ങൾക്കാണ് ഏറെ പ്രാധാന്യം കൊടുത്തുകാണുന്നത്.

## ഗ്രന്ഥകർത്താവ്, കാലം, ദേശം.

പ്രപഞ്ചസാരം ശങ്കരാചാര്യരാൽ (8-ാം നൂറ്റാണ്ട്) എഴുതപ്പെട്ടതാണെന്നാണ് പൊതുവെയുള്ള വിശ്വാസം. എന്നാൽ അദ്വൈതമതപ്രചാരണത്തിനുവേണ്ടി നിലകൊണ്ട ആചാര്യസ്വാമികളായിരിക്കില്ല ഇതിന്റെ ഗ്രന്ഥകർത്താവ് എന്നു വാദിക്കുന്ന നല്ലൊരു പണ്ഡിതവിഭാഗവും ഉണ്ട്. പ്രപഞ്ചസാരത്തിന്റെ വ്യാഖ്യാതക്കളെല്ലാംതന്നെ വിശ്വസിച്ചുപോരുന്നത് ഇത് ശങ്കരവിരചിതമാണെന്നാണ്. ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ ശാരദാദേവിയെ സ്തുതിച്ചുകൊണ്ടാണ്. ശാരദയാവട്ടെ കാശ്മീരവാസികളാൽ ആരാധിക്കപ്പെടുന്ന ഒരു ദേവതയാണ്. ഈയൊരു കാരണത്താൽ ആചാര്യസ്വാമികൾ കാശ്മീരദേശത്തുണ്ടായിരുന്നപ്പോൾ എഴുതിയതാണീ ഗ്രന്ഥമെന്ന ഒരു വാദവും നിലവിലുണ്ട്. എന്നാൽ പ്രശസ്ത പാശ്ചാത്യപണ്ഡിതനായ അലക്സിസ് സാന്റേഴ്സന്റെ നിരീക്ഷണങ്ങൾ ഈ വിഷയത്തിൽ പുതുവെളിച്ചം വീശുന്നു. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് പ്രപഞ്ചസാരത്തിൽ കാണുന്ന നരസിംഹാരാധനയ്ക്ക് ഒറീസയിലെ ആരാധനയുമായിട്ടാണ് ഏറെ സാമ്യം. മാത്രവുമല്ല, പുരുഷോത്തമൻ/ജഗന്നാഥൻ, ദധിവാമനൻ തുട

ങ്ങിയ വൈഷ്ണവദേവതകളുടെ ആരാധനയും ഏറെ പ്രചാരത്തിലുള്ളത് ഒറീസയിലാണ്. ഇതിൽനിന്നും ഉരുത്തിരിഞ്ഞുവരുന്നത് ഒറീസയിലുള്ള ആരാധനാസമ്പ്രദായവും പ്രപഞ്ചസാരവും തമ്മിലുള്ള അഭേദ്യബന്ധമാണ്. സാന്റേഴ്സന്റെ ഈ നിരീക്ഷണങ്ങൾ തീർച്ചയായും വിരൽചൂണ്ടുന്നത് പരമ്പരാഗതമായി വിശ്വസിച്ചുപോന്നതിൽനിന്നും തുലോം വ്യത്യസ്തമായ വേറൊരു ദിശയിലേയ്ക്കാണ്. ഇത്തരത്തിലുള്ള ആരാധനാസമ്പ്രദായം ഒറീസയിൽ പ്രചുരപ്രചാരത്തിൽ വരുന്നതാവട്ടെ പത്തിനും പതിമൂന്നിനും  നൂറ്റാണ്ടുകൾക്കിടയിലാണ്. വസ്തുത എന്തുതന്നെയായാലും കേരളത്തിൽ ഇന്നു കാണുന്ന പൂജാസമ്പ്രദായങ്ങളിൽ പ്രപഞ്ചസാരത്തിന്റെ സ്വാധീനം ഏറെ വലുതാണ്. ഈയൊരു മേഖലയിൽ ആഴത്തിലുള്ള പഠനത്തിന് ഇന്നും ഏറെ പ്രസക്തിയുണ്ട്.

പ്രപഞ്ചസാരം എന്ന വാക്കിന് 'പഞ്ചഭൂതങ്ങളുടെയും സാരം' എന്നാണ് സാമാന്യമായ അർത്ഥം. എന്നാൽ പ്രപഞ്ചസാരവിവരണവ്യാഖ്യയിലൂടെ (പ്രപഞ്ചസാരത്തിന് പത്മപാദരുടെ വ്യാഖ്യാനമാണ് പ്രപഞ്ചസാരവിവരണം. അതിന്റെയും വ്യാഖ്യാനമാണ് പ്രപഞ്ചസാരവിവരണവ്യാഖ്യാ. ഇത് ആരാലെഴുതപ്പെട്ടതാണെന്നതിനെക്കുറിച്ച് കൃത്യമായ തെളിവുകളില്ല.) കടന്നുപോകുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് ഇതൊരു സ്വതന്ത്രകൃതിയല്ലെന്നാണ്. സത്വസാഗരസംഹിതയെന്ന ഗ്രന്ഥത്തിന്റെ സംഗ്രഹമാണ് പ്രപഞ്ചാഗമം. പ്രപഞ്ചാഗമത്തിന്റെയും സംഗ്രഹമാണ് പ്രപഞ്ചസാരം. ഇതിൽ സത്വസാഗരസംഹിതയും പ്രപഞ്ചാഗമവും ഇന്ന് ഉപലഭ്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള വ്രജവല്ലഭ ദ്വിവേദിയുടെ അഭിപ്രായഭിന്നതകൾ ഇവിടെ ഏറെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തത്വസാഗരസംഹിതയെന്നത് പകർത്തിയെഴുതുമ്പോൾ സംഭവിച്ചുപോയ പിഴവുമൂലം സത്വസാഗരസംഹിതയെന്നായിപ്പോയതായിരിക്കാമെന്നാണ്. തത്വസാഗരമെന്ന ഗ്രന്ഥമാകട്ടെ പലേടങ്ങളിലും പദ്ധതിഗ്രന്ഥകാരന്മാരാൽ സ്മരിച്ചുകാണുന്നുമുണ്ട്. ദ്വിവേദി പ്രപഞ്ചസാരത്തെ പദ്ധതിഗ്രന്ഥമെന്നതിനെക്കാളുപരി ഒരു സ്മാർത്തതന്ത്രം എന്ന നിലയ്ക്കാണ് കാണുന്നത്. കാരണം പഞ്ചായതനസമ്പ്രദായ പ്രതിഷ്ഠാപകനായ ആചാര്യസ്വാമികൾ  സ്മാർത്ത ദേവതകളുടെ ഉപാസനാപദ്ധതികളാണ് ഏറെ പ്രാധാന്യത്തോടെ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സ്മാർത്തതന്ത്രം എന്ന ഈ പട്ടികയിൽ അദ്ദേഹം ശാരദാതിലകം, ഈശാനശി ▸▸

വഗുരുദേവപദ്ധതി എന്നീ ഗ്രന്ഥങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം

36 പടലങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. സാധാരണ കേരളീയ ക്ഷേത്രതന്ത്രഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്തമായി ഗ്രന്ഥമാരംഭിക്കുന്നതുതന്നെ ശബ്ദബ്രഹ്മസ്വരൂപവർണ്ണനയോടുകൂടിയാണ്. തുടർന്ന് ദേഹോത്പത്തി, പലതരം ന്യാസങ്ങൾ തുടങ്ങിയ വിഷയങ്ങളും ഇതിന്റെ ആദ്യഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്യായങ്ങളും അവയുടെ വിഷയ വിവരങ്ങളും താഴെക്കൊടുക്കുന്നു.

1–ാം പടലം : ശബ്ദസ്വരൂപം, ചതുർവിധ ദേഹോത്പത്തി

2–ാം പടലം : ആധാരചക്രനിർണ്ണയം

3–ാം പടലം : സ്വരങ്ങളുടെ സ്ത്രീപുംനപുംസകത്വം, ബിന്ദുവിസർഗ്ഗങ്ങളുടെ ശശിസൂര്യരൂപത്വം, കേശവാദി ശ്രീകണ്ഠാദിമൂർത്തി നാമങ്ങൾ, സ്തംഭനാദി പ്രയോഗപ്രകാരം.

4–ാം പടലം : ഷഡധ്വന്യാസം തുടങ്ങിയ ന്യാസങ്ങൾ, രാശികളുടെ ചരാദി ഭേദങ്ങൾ

5–ാം പടലം : ദീക്ഷാപ്രകരണം, ആചാര്യനിയമം, വാസ്തുബലി

6–ാം പടലം : ഷഡധ്വന്യാസമന്ത്രങ്ങളുടെ അർത്ഥങ്ങൾ, ഹോമപ്രകരണം

7–ാം പടലം : മാതൃകാപ്രകരണം, മാതൃകാന്യാസവിധി, പ്രപഞ്ചയാഗവിധി

8–ാം പടലം : പ്രാണാഗ്നിഹോത്രപ്രകരണം

9–ാം പടലം : ത്രിപുരാപ്രകരണം

10–ാം പടലം : ഭുവനേശ്വരീവിധാനം

11–ാം പടലം : ദ്വാദശഗുണിതയന്ത്രവിധാനം

12–ാം പടലം : ലക്ഷ്മീപ്രകരണം

13–ാം പടലം : ത്രിപുരാപ്രകരണം

14–ാം പടലം : ദുർഗ്ഗാപ്രകരണം

15–ാം പടലം : സൗരപ്രകരണം

16–ാം പടലം : ചന്ദ്രപ്രകരണം

17–ാം പടലം : മഹാഗണപതിപ്രകരണം

18–ാം പടലം : മന്മഥപ്രകരണം

19–ാം പടലം : പ്രണവപ്രകരണം

20–ാം പടലം : നാരായണാഷ്ടാക്ഷരമന്ത്രവിധാനം

21–ാം പടലം : മാസയന്ത്രപ്രകരണം

22–ാം പടലം : വാസുദേവപ്രകരണം

23–ാം പടലം : ശ്രീപുരുഷോത്തമപ്രകരണം

24–ാം പടലം : ശ്രീകരപ്രകരണം

25–ാം പടലം : നൃസിംഹപ്രകരണം

26–ാം പടലം : വിഷ്ണുപഞ്ചരവിധി

27–ാം പടലം : പ്രാസാദപ്രകരണം

28–ാം പടലം : ദക്ഷിണാമൂർത്തി മന്ത്രപ്രകാരം

29–ാം പടലം : ചിന്താമണിമന്ത്രപ്രകാരം

30–ാം പടലം : ഗായത്രീമന്ത്രവിധിപ്രകാരം

31–ാം പടലം : ത്രിഷ്ടുബ്വിദ്യാപ്രകരണം

32–ാം പടലം : ലവണമന്ത്രം

33–ാം പടലം : അനുഷ്ടുപ് പ്രകരണം

34–ാം പടലം : ദീർഘായുഃ പ്രദമന്ത്രം

35–ാം പടലം : പ്രാണപ്രതിഷ്ഠാമന്ത്രം

36–ാം പടലം : പുത്രോത്പത്തികരപ്രയോഗം, ദീക്ഷിത ശിഷ്യന്റെ ആചാരങ്ങൾ, പഞ്ചവിധതന്ത്രങ്ങൾ.

## വ്യാഖ്യാനങ്ങൾ

പ്രപഞ്ചസാരത്തിന് ഒട്ടേറെ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസിദ്ധങ്ങളായ വ്യാഖ്യാനങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രപഞ്ചസാരവിവരണം - പദ്മപാദർ
2. പ്രയോഗക്രമദീപികാ
3. പ്രപഞ്ചസാര ഗൂഢാർത്ഥദീപികാ - നിത്യാനന്ദൻ
4. പ്രപഞ്ചസാര ടീകാ
5. പ്രപഞ്ചസാര ടീകാ - സരസ്വതീതീർത്ഥൻ
6. പ്രപഞ്ചസാരദീപികാ - സത്യാനന്ദൻ
7. പ്രപഞ്ചസാരപ്രയോഗവിധിഃ
8. പ്രപഞ്ചസാരവിവരണം - ജ്ഞാനസ്വരൂപൻ
9. പ്രപഞ്ചസാരവിവരണം - ദേവദേവൻ
10. പ്രപഞ്ചസാരവിവരണം - നാരായണൻ
11. പ്രപഞ്ചസാരവിവരണം - പ്രേമാനന്ദഭട്ടാചാര്യൻ
12. പ്രപഞ്ചസാരവിവരണം - വിജ്ഞാനേശ്വരൻ
13. പ്രപഞ്ചസാര വിവൃതിഃ -
14. പ്രപഞ്ചസാരവിവേകഃ - ഗംഗാധരൻ
15. പ്രപഞ്ചസാരവൃത്തിഃ
16. പ്രപഞ്ചസാരവ്യാഖ്യാ (തത്വപ്രദീപികാ) - നാഗസ്വാമി
17. പ്രപഞ്ചസാരവ്യാഖ്യാ (വിജ്ഞാനോദ്യോതിനീ) - ത്രിവിക്രമൻ
18. പ്രപഞ്ചസാരസംബന്ധ ടീകാ
19. പ്രപഞ്ചസാരസംബന്ധ പ്രദീപികാ - ഉത്തമബോധൻ

## ചില സവിശേഷതകൾ

1. ദശാവതാരങ്ങളുടെ കൂട്ടത്തിൽ ബുദ്ധനെ ഒരവതാരമായി കണ

ക്കാക്കിയിട്ടില്ല.

2. പ്രപഞ്ചസാരത്തിൽ പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്ന വാക്കിന്റെ നാലേ ഭേദങ്ങളേ പറയുന്നുള്ളൂ. എന്നാൽ വിവരണ കാരൻ പഞ്ചപദീ, സപ്തപദീ എന്ന രണ്ടു പ്രകാരത്തിലുള്ള വാഗ്ഭേദങ്ങളെക്കൂടി സൂചിപ്പിക്കുന്നു. പഞ്ചപദീവാക്കെന്നാൽ സൂക്ഷ്മാ, പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നിവയാണ്. സൂക്ഷ്മ, വാക്കിനും മുമ്പായി ശൂന്യാ, സംവിത് എന്ന രണ്ട് വക ഭേദങ്ങളുംകൂടി ചേർത്താൽ സപ്തപദിയായി.

3. പ്രപഞ്ചസാരത്തിൽ ക്ഷേത്രനിർമ്മാണവുമായി ബന്ധപ്പെട്ട ആരാധനാരീതികളെപ്പറ്റിയല്ല പ്രതിപാദിച്ചിരിക്കുന്നത്. എന്നിരുന്നാലും ഇന്ന് കാണുന്ന ക്ഷേത്രാരാധനയുടെ പ്രധാനഭാഗമായ ഷോഡശോപചാരപൂജ, വിഷ്ണുവിന്റെ സപരിവാരം പൂജയിലെ കിരീടമന്ത്രം, അംഗാവരണത്തിന് ശേഷം മൂർത്ത്യാവരണം, ഇന്ദ്രാദി, വജ്രാദി, നിർമ്മാല്യധാരിയെന്ന ക്രമം എന്നീ ഭാഗങ്ങൾ പ്രപഞ്ചസാരത്തിൽനിന്ന് കടംകൊണ്ടതാണെന്ന് അനുമാനിക്കാം.

4. കേരളീയ മന്ത്രവാദക്രിയകളിലാണ് പ്രപഞ്ചസാരത്തിന്റെ ഏറിയ സ്വാധീനവും. ഈയൊരു വിഷയത്തിൽ ഇനിയും മൂല്യവത്തായ പഠനങ്ങൾ വന്നിട്ടില്ല.

## നമ്മുടെ പന്ഥാവ്

"ലോകസൗഖ്യം ചിരം ജീയാത്  
വർണ്ണാശ്രമപരൈസ്സമം  
പഞ്ചഭിശ്ച മഹായജ്ഞൈഃ  
ഗൂഢാർത്ഥസഹിതൈർനവൈഃ ||

ശക്തിമാർജയ ബുദ്ധിഞ്ച  
വ്യക്തിസ്ത്വം യജ്ഞഭാവനാം  
പുരുഷാർത്ഥമഹിമ്നാതഃ  
ഭുക്തിമുക്തിപ്രധാനതഃ" ||

# സംസ്കൃതപഠനം

ഡി. പ്രകാശ്

## വർണ്ണപ്രപഞ്ചം

### വേദമതം

അക്ഷരപ്രപഞ്ചം ആരംഭിക്കുന്നത് വേദസാഹിത്യത്തിലെ പ്രഥമാവിർഭാവമായ ഋഗ്വേദത്തിൽനിന്നുതന്നെയാണെന്ന് കാണാം. ഋഗ്വേദപ്രാതിശാഖ്യത്തിലെ ഒന്നാം പടലത്തിലെ ഒമ്പതാമത്തെയും പത്താമത്തെയും ശ്ലോകങ്ങൾ ശ്രദ്ധിക്കുക.

"അകാരർകാരാവി ഉ എ ഒ ഐ ഔ
പദാദ്യന്തയോർ ന Ì കാരഃ സ്വരേഷു
അകാരാദീൻ ദീർഘരൂപാൻ ദ്വിതീയാൻ
ഹ്രസ്വേഷു പഞ്ചസ്വപി താനി സന്തി"

"കഖൗ ഗഘൗ ങ ചഛൗ ജഝൗ ഞ
ടഠൗ ഡഢൗ ണ തഥൗ ദധൗ ന
പഫൗ ബഭൗ മ യരലവാ ഹശഷസാ
അഃ ൹ക ൹പ അം ഇതി വർണ്ണരാശിഃ ക്രമശ്ച"

ഇതനുസരിച്ച് അ ഋ ഇ ഉ എ ഒ ഐ ഔ Ì ആ ¡ ഈ ഊ Í എന്നിങ്ങനെ സ്വരങ്ങൾ പതിനാലും ക മുതൽ മ വരെ 25 വർഗ്ഗാക്ഷരങ്ങളും യ ര ല വ ശ ഷ സ ഹ എന്നിങ്ങനെ അന്തഃസ്ഥങ്ങളും ഊഷ്മാക്കളും കൂടി എട്ടും അം അഃ ൹ക ൹പ എന്നിങ്ങനെ അനുസ്വാരം, വിസർഗം, ജിഹ്വാമൂലീയം, ഉപധ്മാനീയം എന്നിങ്ങനെ നാലും കൂടി ആകെ അമ്പതൊന്ന് അക്ഷരങ്ങൾ പറയപ്പെട്ടിരിക്കുന്നു.

ഇതിൽ അക്ഷരങ്ങൾ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നത് വൈദിക വ്യാകരണത്തെയും മുൻനിർത്തിയാണ്.

### പാണിനീയശിക്ഷ

ഉച്ചാരണശാസ്ത്രമായ പാണിനീയശിക്ഷ നോക്കുകയാണെങ്കിൽ അതിൽ ശംഭുവിന്റെ അഭിപ്രായമായി അറുപത്തിനാല് അഥവാ അറുപത്തിമൂന്ന് വർണ്ണങ്ങളാണ് പറഞ്ഞിരിക്കുന്നത്. പാണിനീയശിക്ഷ

യിലെ മൂന്ന്, നാല്, അഞ്ച് ശ്ലോകങ്ങൾ ചുവടെ ചേർക്കുന്നു.

"ത്രിഷഷ്ടിശ്ചതുഃഷഷ്ടിർവാ
വർണ്ണാഃ ശംഭുമതേ മതാഃ
പ്രാകൃതേ സംസ്കൃതേ ചാപി
സ്വയം പ്രോക്താഃ സ്വയംഭുവാ"

"സ്വരാ വിംശതിരേകശ്ച
സ്പർശാനാം പഞ്ചവിംശതിഃ
യാദയശ്ച സ്മൃതാ ഹ്യഷ്ടൗ
ചത്വാരശ്ച യമാഃ സ്മൃതാഃ"

"അനുസ്വാരോ വിസർഗശ്ച
ᳵക ᳶപൗ ചാപി പരാശ്രിതൗ
ദുഃസ്പൃഷ്ടശ്ചേതി വിജ്ഞേയോ
ഌ കാരഃ പ്ലുത ഏവ ച"

ഇതനുസരിച്ച് സ്വരങ്ങൾ ഇരുപത്തിയൊന്നാണ്. അ, ഇ, ഉ, ഋ, ഌ എന്നിങ്ങനെ ഹ്രസ്വങ്ങൾ. ആ, ഈ, ഊ, ¡ എ, ഒ, ഐ, ഔ എന്നിങ്ങനെ ദീർഘങ്ങൾ. അ, ഇ, ഉ, ഌ, എ, ഒ, ഐ, ഔ എന്നിവയുടെ പ്ലുതങ്ങൾ (മൂന്ന് മാത്രയിൽ ഉച്ചരിക്കുന്നവ) ഇപ്രകാരം സ്വരങ്ങൾ 21 എണ്ണം. വ്യ Ý നങ്ങളിൽ സ്പർശമെന്നു പേരുള്ളവ ഇരുപത്തിയഞ്ചാണ്. അവ ക മുതൽ മ വരെയുള്ള വർഗ്ഗാക്ഷരങ്ങളാണ്. യ ര ല വ ശ ഷ സ ഹ എന്നിങ്ങനെ അന്തഃസ്ഥങ്ങളും ഊഷ്മാക്കളുംകൂടി എട്ടെണ്ണം വരും. യമങ്ങൾ എന്നറിയപ്പെടുന്ന നാലു വർണ്ണങ്ങൾ വേറെയുമുണ്ട്. ജിഹ്വാ മൂലീയം, ഉപധ്മാനീയം, അനുസ്വാരം, വിസർഗം എന്നിങ്ങനെ അയോഗവാഹങ്ങൾ എന്നറിയപ്പെടുന്ന നാലെണ്ണവുംകൂടിയുണ്ട് വർണ്ണരാശിയിൽ. അവസാനമായി ദുഃസ്പൃഷ്ടം എന്ന പേരുള്ള രണ്ടു വർണ്ണങ്ങളുമുണ്ട്. സ്വരങ്ങളുടെ നടുവിലുള്ള ഡകാരം ളകാരമായി മാറുമെന്നും ഢകാരമാണെങ്കിൽ സ്വരമധ്യത്തിൽ അത് ള്ഹ എന്നായും മാറും. ള്ഹ എന്നതാണ് ദുസ്പൃഷ്ടവർണമെന്ന് മറ്റൊരു അഭിപ്രായം. അപ്രകാരം 21+25+8+4+4+2 = 64 അല്ലെങ്കിൽ 63 വർണ്ണങ്ങളെന്ന് പാണിനീയശിക്ഷാഗതശ്ലോക താല്പര്യം. ഇപ്രകാരമുള്ള വർണ്ണപ്രപഞ്ചനം പാണിനീയശിക്ഷയിൽ കൊടുത്തിരിക്കുന്നത് ലൗകിക-വൈദികസംസ്കൃതവ്യാകരണത്തെ മുൻനിർത്തിയാണ്.

## ▸▸ തന്ത്രമതം

തന്ത്രസംബന്ധിയായ പ്രപഞ്ചസാരത്തിലാണെങ്കിൽ അമ്പത്തിയൊന്ന് അക്ഷരങ്ങളാണ് പറയപ്പെട്ടിരിക്കുന്നത്. അതിലെ മൂന്നാം പടലത്തിലെ രണ്ടാം ശ്ലോകം ശ്രദ്ധിക്കു.

"സ്വരാഖ്യാഃ ഷോഡശ പ്രോക്താഃ
സ്പർശാഖ്യാ പഞ്ചവിംശതിഃ
വ്യാപകാശ്ച ദശൈതേ സ്യുഃ
സോമേനാഗ്ന്യാത്മകാഃ ക്രമാത്"

അ ആ ഇ ഈ ഉ ഊ ഋ ¡ Ì Í (മൂന്നു മാത്ര) എ ഒ ഐ ഔ അം അഃ എന്നിങ്ങനെ പതിനാറ് സ്വരങ്ങൾ, ക മുതൽ മ വരെ ഇരുപത്തിയഞ്ച് സ്പർശങ്ങൾ എന്നറിയപ്പെടുന്ന വർഗ്ഗാക്ഷരങ്ങൾ, വ്യാപകങ്ങൾ എന്നു പറയുന്ന യ ര ല വ ശ ഷ സ ഹ ള ക്ഷ എന്നീ അക്ഷരങ്ങൾ. ഇതിത്രയും ചേർന്ന് അമ്പത്തൊന്ന് അക്ഷരങ്ങളാണ് മേൽപറഞ്ഞ ശ്ലോകപ്രകാരം തന്ത്രസംബന്ധിയായും കണക്കാക്കുന്നത്.

## മാതൃകാക്ഷരപാഠം

പാണിനിയുടെ മുമ്പിൽ പരമശിവന്റെ ഉടുക്കിൽനിന്നും ആവിർഭവിച്ച മാതൃകാക്ഷരമാലയേയും ഇത്തരുണത്തിൽ പരിചയപ്പെടുത്തേണ്ടത് ആവശ്യമാണ്. പരമശിവന്റെ ഉടുക്കിൽനിന്നാണ് മാതൃകാക്ഷരമാലയുടെ ആവിർഭാവമെന്ന് വൈയാകരണന്മാർ വിശ്വസിക്കുന്നതായിട്ടുള്ള ഒരു ശ്ലോകമുണ്ട്.

"നൃത്താവസാനേ നടരാജരാജോ
നനാദ ഢക്കാം നവപഞ്ചവാരം
ഉദ്ധർതുകാമഃ സനകാദിസിദ്ധാൻ
എതദ്വിമർശേ ശിവസൂത്രജാലം"

പാണിനി സംസ്കൃതഭാഷയ്ക്ക് വ്യാകരണം എഴുതുവാൻ വേണ്ടി മനസ്സ് ഏകാഗ്രമാക്കിയപ്പോൾ പരമശിവൻ പ്രത്യക്ഷപ്പെട്ട് നൃത്തം ചെയ്തുവെന്നും അതിന്റെ അവസാനം തന്റെ ഉടുക്ക് പതിനാലു പ്രാവശ്യം കൊട്ടിയപ്പോൾ മാതൃകാക്ഷരമാലാ സൂത്രജാലരൂപത്തിൽ ആവിർഭവിച്ചുവെന്നും പറയപ്പെടുന്നു. അവ ഇപ്രകാരമാണ് -

"അഇഉണ്. ഋ Ì ക്. എഒങ്. ഐഔച്. ഹയവരട്. ലണ്.

ഞമങണനമ്. ഝഭഞ്. ഘഢധഷ്. ജബഗഡദശ്. ഖഫഛഠഥചടതവ്. കപയ്. ശഷസര്. ഹല്."

ഇവയെ വർണസമാമ്നായം എന്നു വിളിക്കുന്നു. ആമ്നായഃ സമാമ്നായ എന്നീ വാക്കുകൾ വേദമെന്നർത്ഥത്തിലാണ് പ്രസിദ്ധി. അതുകൊണ്ട് തത്തുല്യപ്രാധാന്യം വ്യാകരണപണ്ഡിതർ കല്പിക്കുന്നു. മാത്രമല്ല, ഇവ മന്ത്രശാസ്ത്രത്തിന്റെ അടിത്തറയായി ഈ മാഹേശ്വര സൂത്രത്തിനുള്ള നന്ദീകേശ്വരന്റെ ടീക (വ്യാഖ്യാനം) വ്യക്തമാക്കുന്നുണ്ട്.

## ശബ്ദമഹിമാ

അക്ഷരങ്ങളുടെയും ശബ്ദത്തിന്റെയും പ്രാധാന്യം എല്ലാ ശാസ്ത്രകാരന്മാരും വ്യക്തമാക്കുന്നുണ്ട്. ഭർത്തൃഹരിയുടെ അഭിപ്രായത്തിൽ അക്ഷരമെന്ന് വച്ചാൽ വലുതാകുക എന്ന അർത്ഥത്തിലുള്ള ബ്രഹ്മമെന്നും ആദ്യന്തരഹിതമായ ശബ്ദതത്ത്വമെന്നും പ്രപഞ്ചരൂപേണ പരിണമിയ്ക്കുന്ന വസ്തുവെന്നും ലോകത്തിന്റെ സൃഷ്ടിയുടെ ആരംഭസ്ഥാനമെന്നും പറയാം. അതാണ് ഈ ശ്ലോകത്തിലൂടെ വ്യക്തമാകുന്നത്.

അനാദിനിധനം ബ്രഹ്മ
ശബ്ദതത്ത്വം യദക്ഷരം
വിവർത്തതേ അർത്ഥഭാവേന
പ്രക്രിയാ ജഗതോ യതഃ

ആചാര്യ ദണ്ഡിയുടെ കാവ്യാദർശത്തിൽ ശബ്ദത്തെ ജ്യോതിസ്വരൂപമായി പറയുന്നു. ഈ ജ്യോതിസ്സ് സൃഷ്ടിയുടെ അവസാനം വരെ പ്രകാശിക്കാതെ ഇരുന്നുവെങ്കിൽ മൂന്ന് ലോകങ്ങളും പൂർണ്ണമായും ഇരുളടഞ്ഞതായിതീർന്നേനെ. ഇതുള്ളതുകൊണ്ട് ബാക്കിയെല്ലാം പ്രകാശിക്കുന്നത് എന്ന് സാരം. അക്ഷരപഠനാരംഭത്തിൽ ഇവ ഇത്രയും തീർച്ചയായും മനസ്സിലാക്കിയിരിക്കണമെന്നതിനാൽ ഇത്രയും പറഞ്ഞുവെന്നു മാത്രം.

അമ്പത്തിയൊന്ന് അക്ഷരങ്ങൾ എന്നത് അസന്ധിഗ്ധമായ കാര്യമാണ്. എന്നിരുന്നാലും ෴ എന്നതിന്റെ പ്രയോഗം കുറച്ചുമാത്രമേയുള്ളൂ. ള എന്നതും ഏതാണ്ട് അതുപോലെതന്നെ. ക്ഷ എന്നതിന്റെ കൂട്ടക്ഷരമായും പറയും.

▸▸ അതിനാൽ സ്വരങ്ങൾ പതിനഞ്ചായും ക മുതൽ മ വരെയും വർഗ്ഗാക്ഷരങ്ങളും, അന്തഃസ്ഥങ്ങളും, ഊഷ്മാക്കളുംകൂടി വ്യഞ്ജനങ്ങൾ മുപ്പത്തിമൂന്നായും നമുക്ക് സംസ്കൃതലിപിയും ഉച്ചാരണവും അടിസ്ഥാനമാക്കി അക്ഷരപഠനം ആരംഭിക്കാം.

## अक्षरमाला (അക്ഷരമാല)

### स्वराः സ്വരങ്ങൾ

| | | | | | | | |
|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | ¡ |
| अ | आ | इ | ई | उ | ऊ | ऋ | ॠ |
| Ì | ഏ | ഐ | ഒ | ഔ | അം | അഃ | |
| ॡ | ए | ऐ | ओ | औ | अं | अः | |

### व्यञ्जनानि വ്യഞ്ജനങ്ങൾ

| | | | | | | | |
|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | | | |
| क | ख | ग | घ | ङ | | | |
| S | T | ഡ | ഢ | ണ | | | |
| ट | ठ | ड | ढ | ण | | | |
| X | Y | ദ | ധ | ന | | | |
| त | थ | द | ध | न | | | |
| ] | ^ | ബ | ഭ | മ | | | |
| प | फ | ब | भ | म | | | |
| b | c | ല | വ | ശ | ഷ | സ | ഹ |
| य | र | ल | व | श | ष | स | ह |

**വില്വമംഗലം സ്വാമിയാരുടെ (ലീലാശുകൻ)**

ശ്രീകൃഷ്ണകർണ്ണാമൃതം

സി.എം .കൃഷ്ണനുണ്ണിയുടെ

**സുന്ദരിഗോപാലവ്യാഖ്യാനസഹിതം**

വില : 100/- രൂപ

ബ്രഹ്മാണ്ഡപുരാണാന്തർഗതമായ

ശ്രീലളിതോപാഖ്യാനം

**മാധവീയവ്യാഖ്യാനസഹിതം**

വില : 450/-

ചേന്നാസ് നാരായണൻ നമ്പൂതിരിയുടെ

**തന്ത്രസമുച്ചയം സംസ്കൃതം**

(വിമർശനം, വിവരണം എന്നീ വ്യാഖ്യാനത്തോടുകൂടി)

ഞങ്ങളുടെ വെബ് സൈറ്റിൽ ലഭ്യമാണ്.

www.shripuram.org

ഈ സൈറ്റിൽ download-കൾ എല്ലാം സൗജന്യമാണ്.

ഉടൻ പ്രസിദ്ധപ്പെടുത്തുന്നു

**ശാസ്ത്രപദവി അലങ്കരിക്കുന്നതും കാവ്യാത്മകവുമായ**

**ദുർവ്വാസാവു മഹർഷിയുടെ**

ലളിതാസ്തവരത്നം വ്യഖ്യാനസഹിതം

**ലളിതോപാസകർക്ക്**

**ദേവിസന്നിധിയിലേയ്ക്ക്**

**പ്രവേശനകവാടം**

കോപ്പികൾക്ക് ബന്ധപ്പെടുക :

ശ്രീപുരം പബ്ലിക്കേഷൻസ്

മാടായികോണം, ഇരിങ്ങാലക്കുട

ഫോൺ : 0480 2856505

# മുഖചിത്രത്തെക്കുറിച്ച് ഒരു വാക്ക്




ഈ ചിഹ്നം ഞങ്ങൾക്കു കിട്ടിയത് ഒരു സൂഫി സന്യാസിയുടെ കൈയിൽനിന്നാണ്. തന്റെയുള്ളിൽ ശ്രവിക്കുന്ന നാദത്തെ അനുസന്ധാനം ചെയ്യുന്ന ഒരു യോഗിയുടെ മുഖമാണ് ഈ ചിത്രം. യോഗികൾ ശ്രവിക്കുന്ന ഈ നാദമാണ് പ്രണവധ്വനി. അതാണ് ഈ ചിത്രത്തിന്റെ അർത്ഥവും.

യോഗിയുടെ മുഖത്ത് ചെവികളില്ല. കാരണം ആന്തരികമായി നാദശ്രവണമുണ്ടാവുന്ന സമയത്ത് ബാഹ്യമായ ശബ്ദവീചികളെ കേൾക്കുകയില്ല. ഈ അവസ്ഥയിൽ മൂക്കിലൂടെയുള്ള ശ്വാസോച്ഛ്വാസം നിലയ്ക്കുകയും ദൃഷ്ടികൾ പുരികക്കൊടിക്കിടയിൽ കേന്ദ്രീകൃതമാവുകയും ചെയ്യുന്നു. ഇവിടെ വാക്കുകൾ ഇല്ലാത്തതുകൊണ്ട് ചുണ്ടുകൾ ബന്ധിത രൂപത്തിലാണ്. ഈ അവസ്ഥ പ്രതിനിധാനം ചെയ്യുന്നത് തന്ത്രശാസ്ത്രത്തിൽ പറയുന്ന ശാംഭവി/ഭൈരവി എന്ന മുദ്രയെക്കൂടിയാണ്. ഇതിന് മൗനമുദ്ര എന്നും പേരുണ്ട്. ആ ശാംഭവീമുദ്ര എന്റെയുള്ളിൽ സ്ഫുരിക്കട്ടെ — പരമമായ ജ്ഞാനം അഥവാ ശിവബോധം എന്റെ ഉള്ളിൽ ഉദിക്കട്ടെ.

---

Printed and published by Sreekanth C. for Shripuram Publications, Madaikkonam P.O., Irinjalakkuda, Thrissur - 680 712; Editor : Prakash D.; and Printed at Impress Offset Printers, Irinjalakkuda.